

# ലോകോത്തര നഗരം നശിപ്പിക്കപ്പെടുമ്പോൾ

**വിദേശ നിക്ഷേപങ്ങളെ ക്ഷണിച്ചുവരുത്തി കോർപ്പറേറ്റ് നഗരങ്ങൾ നിർമ്മിക്കുന്നതിനായുള്ള നഗര പരിഷ്ക്കരണ അജണ്ടയാണ് ഇന്ത്യയിലെമ്പാടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM) തുടങ്ങിയ പദ്ധതികളുടെ പേരിൽ റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കുവേണ്ടി ചേരിനിവാസികൾ തുടച്ചുനീക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.**

ഡൽഹി നഗരത്തിന്റെ ഹൃദയഭാഗത്ത് കുറഞ്ഞ് വരുമാനക്കാരായ ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് കോട്‌ല മുഖാരക് പർ. അതിന്റെ ഇടുങ്ങിയ, നീണ്ടു കിടക്കുന്ന ഇടവഴികൾ. ഐക്യത്തോടെ കഴിയുന്നവീടുകളുമുള്ള ഇവിടെ വരേണ്യ വർഗ്ഗങ്ങളുടെ സൗത്ത് എക്സ്റ്റെൻ ഹാളും ഡിഫെൻസ് കോളനിയും കൂടുതൽ വിശാലമായ ഇടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്ലാനുകളുള്ള ഭൂവിനിയോഗം വഴി തുറസായ സ്ഥലങ്ങളെ ഒറ്റതിരിച്ചു. ചെറിയ കുട്ടികൾ ഒളിച്ചു കളിക്കാനും മുതിർന്ന കുട്ടികൾക്ക് ക്രിക്കറ്റും ഫുട്ബാളും കളിക്കാനുമായി ചെറിയ മുക്കും മൂലയുമുണ്ടായി. കളിക്കാൻ പാർക്കിൽ പോകുന്നതിനോ, വരേണ്യ കോളനികളിലെ നിർമ്മിച്ച കളിസ്ഥലങ്ങൾ ഉപയോഗിക്കാനോ, അതിനടുത്തുള്ള ഒഴിഞ്ഞ പ്രദേശങ്ങൾ ഉപയോഗിക്കാനോ അവർക്ക് താൽപര്യമുണ്ടായിരുന്നു.

എന്നാൽ 90കളുടെ അവസാനത്തോടെ പാർക്കുകൾ ഉപയോഗിക്കാന് പറ്റാതായി. കാരണം അവരുടെ കളിസ്ഥലങ്ങളെല്ലാം തന്നെ വൻകിട കോളനികളാക്കി മാറ്റപ്പെട്ടിരുന്നു. 80കളിൽ സ്വയം അദ്ധ്വാനിച്ചുണ്ടാക്കിയ കുട്ടികളുടെ കളിസ്ഥലം 2000 ആദ്യത്തിൽ അവർക്കു നഷ്ടപ്പെടാൻ കാരണം അൻസൽ പ്ലാസ എന്ന ആദ്യത്തെ ഷോപ്പിംഗ് മാളായിരുന്നു. മറ്റൊരു കളിസ്ഥലമായിരുന്ന ദസറ മൈതാനം ലോകോത്തര ഫ്ളൈ ഓവർ നിർമ്മാണത്തിനായി ഏറ്റെടുത്തു.

ആഡംബരജീവിതവും, ഉന്നത അടിസ്ഥാന സംവിധാനങ്ങളും, വിസ്തൃതമായ ഭൂപ്രദേശങ്ങളും, വൻകിട ബഹുരാഷ്ട്ര കമ്പനികളുടെ മൂലധനവും ഒഴുക്കുന്ന വരേണ്യ പുത്തൻ നിയോ ലിബറൽ സങ്കൽപ്പത്തിലുള്ള ഇന്ത്യൻ നാഗരിക ജീവിതത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ കഷ്ടപ്പെടലുകളുടെ ഒരു ചെറു രൂപം മാത്രമാണ് കോട്‌ലയിലെ ചേരിനിവാസികളുടേത്. മൂലധന നിക്ഷേപത്തിലെ പുതിയ രീതികൾ, തൊഴിൽഘടന, ഭരണ നയങ്ങൾ, സാമൂഹ്യ ബന്ധം എന്നിവയെല്ലാം 90കളുടെ തുടക്കത്തിൽ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ശക്തികേന്ദ്രങ്ങളായിരുന്നു.

ഇന്ത്യൻ നഗരങ്ങൾ പ്രത്യേകിച്ച് മെട്രോ നഗരങ്ങൾ, ആഗോള നഗരങ്ങളായ ന്യൂയോർക്ക്, ലണ്ടൻ, ടോക്കിയോ തുടങ്ങിയ നഗരങ്ങളുടെ മാതൃകയിൽ വികസിപ്പിക്കാനാണ് ശ്രമിക്കുന്നത്. പ്രത്യേകിച്ച് ഉന്നത സാമ്പത്തിക നിലവാരം, വിവരസാങ്കേതികത, വൻ ഉൽപ്പാദനക്ഷമത, ആഗോളവിനോദ സഞ്ചാരം തുടങ്ങിയവാണ് ഇത്തരം നഗരങ്ങളുടെ സാധ്യത. സാമ്പത്തിക - അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം കാഴ്ചയിലെ ഭംഗിയുമാണ് റേറ്റിംഗ് ഏജൻസികളുടെ മാപ്പുകളിൽ ഇടംപിടിക്കാനും മൂലധനം ആകർഷിക്കലിനും വേണ്ടത്.

നവ ഉദാരവൽക്കരണനയങ്ങളുടെ ഭാഗമായി നഗരങ്ങൾ മൂലധനാകർഷണത്തിനായി മൽസരിക്കുമ്പോൾ ഉപഭോഗസംസ്കാരത്തിനായി ഭൂമിയാണ് ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നത്. ഇന്ത്യൻ നഗരങ്ങൾ തമ്മിൽ തന്നെ വൻ ഷോപ്പിംഗ് മാളുകളും മൾട്ടിപ്ലെക്സുകളും നിർമ്മിക്കുന്നതാനായി മൽസരിക്കുകയാണ്. അതുകൊണ്ട് കൂടുതൽ ഭാരമുള്ള പോക്കറ്റുകളെ ആകർഷിക്കാനാണ് നഗര സംസ്ഥാന ഗവൺമെന്റുകൾ ശ്രമിക്കുന്നത്.

ഇത്തരം നയങ്ങളുടെ ഗുണഭോക്താക്കളായ സ്വത്തുടമകളായ മധ്യമർഗം ലോകനിലവാരത്തിലുള്ള നഗരങ്ങൾക്കായി ആവശ്യമുന്നയിക്കുന്നതോടൊപ്പം റെസിഡന്റ് അസോസിയേഷൻ തുടങ്ങിയ സംഘടനകളിലൂടെ അതിനെ പിൻതാങ്ങുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ശ്രമങ്ങളിൽ എൻ.ജി.ഒകളേയും പരിസ്ഥിതി ഗ്രൂപ്പുകളുടേയും പിൻതുണ നേടാൻ കൂടി ശ്രമിക്കുന്നു. ഇത്തരം ഗ്രൂപ്പുകൾ അഴിമതി, നിയമരാഹിത്യം, മലിനീകരണം തുടങ്ങിയവയെല്ലാം വോട്ട് ബാങ്ക് രാഷ്ട്രീയമായി വ്യാഖ്യാനിക്കുന്നു. നഗരങ്ങളിലെ ചേരികളേയും വ്യവസായങ്ങളേയും ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

നിയമ- നാസ്തിക മലിനീകരണങ്ങൾക്ക് കാരണം തൊഴിലാളികളുടെ താമസയിടങ്ങളും ഫാക്ടറികളുമാണെന്നും, അതുകൊണ്ട് തന്നെ നഗരജീവിത്തിലെ പൗരാവകാശങ്ങളുടെ ഫലങ്ങൾ ലഭിക്കുന്നില്ലെന്നും അവർ വാദിക്കുന്നു.

അതുകൊണ്ട് തൊഴിലാളി വിഭാഗത്തെ നിർമ്മാർജ്ജനം ചെയ്യാൻ അത്യാവശ്യമാണെന്നു വാദിക്കുന്നു നഗരത്തിലെ മധ്യവർത്തി വിഭാഗങ്ങൾ, കുറ്റകൃത്യവർദ്ധനയ്ക്കും ഈ തൊഴിലാളികളെ കുറ്റപ്പെടുത്തുകയും അതുകൊണ്ട് തന്നെ അവർ നിർമ്മാർജ്ജനം ചെയ്യപ്പെടണമെന്നും കരുതുന്നു.

ഈ ആഗോള നഗരങ്ങളെല്ലാം തന്നെ ബഹിരാകാശത്തുനിന്നോ ആൾപാർപ്പില്ലാത്തിടത്തുനിന്നോ ഉണ്ടായതല്ല. വിഭവങ്ങളുടെ മേലുള്ള നിരവധി വർഷത്തെ സമരങ്ങൾക്ക് ശേഷം സാവധാനത്തിലാണ് നഗരങ്ങൾ രൂപപ്പെട്ടത്. അത്തരം നഗരങ്ങൾ രൂപപ്പെട്ടത് ഭൂമി, തൊഴിൽ മാർക്കറ്റുകൾക്ക്, സേവന വ്യവസ്ഥകൾ, തീരുമാനമെടുക്കൽ എന്നിവയിൽമേലുള്ള തീവ്രമായ രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ ഭാഗമായാണ്.

കഴിഞ്ഞ രണ്ട് ദശാബ്ദത്തിനുള്ളിൽ രണ്ട് കോടി ചേരിനിവാസികളെ ഡൽഹി – മുംബൈ മേഖലയിൽനിന്ന് മാത്രം കുടിയൊഴിപ്പിച്ചിട്ടുണ്ട്. മറ്റു നഗരങ്ങളും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. ചേരി നിർമ്മാർജ്ജനം നിത്യജീവിതത്തിന്റെ ഭാഗമായതോടെ മുഖ്യധാര മാധ്യമങ്ങളൊന്നും തന്നെ ശ്രദ്ധിക്കാറേയില്ല.

നഗരങ്ങൾ മോടിപിടിപ്പിക്കുന്നതിലെ ഏറ്റവും പ്രകടവും ക്രൂരവുമായ രീതിയാണ് കുടിയൊഴിപ്പിക്കൽ. പാവങ്ങളെ കുടിയൊഴിപ്പിക്കുന്നതിനെയും നഗരത്തിന്റെ വിസ്താരം വർദ്ധിപ്പിക്കുന്നതിനെയും പോലെ ബാധിക്കുന്ന മറ്റു പ്രശ്നങ്ങളുണ്ട്.

ചെറുകിട ഉത്പാദന വ്യവസായിക യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടി വരും. റിക്ഷാ വലിക്കുന്നവരെയും മാലിന്യനിർമ്മാർജ്ജനം ചെയ്യുന്നവരെയും ആക്രി വ്യാപാരികളെയും പ്രത്യേക സാമ്പത്തിക മേഖലാ നിയമപ്രകാരം കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അനൗദ്യോഗിക മേഖലയിലെ തൊഴിലാളികൾ എന്ന നിലയിൽ ഇല്ലാതാക്കപ്പെടുമ്പോൾ താഴ്ന്ന വരുമാനത്തിലുള്ള ആളുകൾ താമസിച്ചിരുന്ന പ്രദേശങ്ങൾ തരം തിരിക്കപ്പെടും. സ്വകാര്യ കച്ചവടമേഖലയിലൂടെ പണം മുടക്കുന്നവർക്ക് മാത്രമേ വെള്ളം, വൈദ്യുതി, ശുചിത്വം ആരോഗ്യം വിദ്യാഭ്യാസം മുതലായവ ലഭ്യമാകൂ. മധ്യ ഉപരിവർഗ്ഗ സ്വകാര്യ ആവശ്യത്തിനു വേണ്ടി പൊതു ഇടങ്ങളായ പാർക്കുകളിലും റോഡുകളിലും പ്രതിരോധനിര സൃഷ്ടിക്കപ്പെടും. നഗര വികസനം കോർപ്പറേറ്റ് – ഫ്രണ്ട്‌ലി ആക്കുന്ന രീതിയിലുള്ള ഭരണ നിയമ സംവിധാനങ്ങളുണ്ടാക്കപ്പെടും.

തൊണ്ണൂറുകളുടെ പകുതിയോടെയാണ് വികസനോൻമുഖ, ഭൗതിക സാഹചര്യങ്ങൾക്കനുസൃതമായ മുനിസിപ്പൽ ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ പദ്ധതി ബജറ്റ് ധനവിനിയോഗം നിയന്ത്രിക്കപ്പെട്ട നെഹ്റുവിയൻ നഗരവികസനമാതൃക ഉദാരവത്ക്കരണ കേന്ദ്രങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. കച്ചവടതാൽപര്യത്തിനനുസൃതമായ ഭൂമിയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നഗരത്തെ തച്ചുടക്കുന്നുതായിരുന്നു പിന്നീട് കണ്ട കാഴ്ച. നിലയ്ക്കാത്ത കുടിയേറ്റക്കാരുടെ ഒഴുക്കോടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വർദ്ധിച്ചു വരുന്നു, വിഭവങ്ങളുടെ ദുരുപയോഗവും.

1996ൽ അടിസ്ഥാനോപാധികളുടെ മെച്ചപ്പെടുത്തലിനെപ്പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ട രാകേഷ് മോഹന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസംഘം, നഗരങ്ങളുടെ അടിസ്ഥാന വികസനത്തിന് അടുത്ത വർഷത്തിൽ 2,50,000 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. സംഘത്തിന്റെ അഭിപ്രായത്തിൽ നഗരങ്ങളെ നിലനിർത്താൻ പണമില്ലാത്ത സർക്കാർ, നഗര വികസനത്തിന് സ്വകാര്യ പങ്കാളിത്തത്തോടെ മുനിസിപ്പൽ ബോണ്ടുകൾ പോലുള്ള നവീന ധനാഗമമാർഗ്ഗങ്ങൾ സ്വീകരിക്കണം. ഇത് നഗരങ്ങളിൽ സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കാൻ സാധ്യ വർദ്ധിപ്പിക്കുമെന്നും സംഘം പറയുന്നു. എന്നാൽ നിയമ- ഭരണ സംവിധാനങ്ങളെ ഇതിനനുസൃതമായി നിലനിർത്താൻ ക്ലേശിക്കേണ്ടി വരും. അതോടൊപ്പം തന്നെ ഫിക്കി, സിഐ. ഐ. USAID, ലോകബാങ്ക് എന്നിവയുടെ പങ്കാളിത്തത്തോടെ കേന്ദ്രഗവൺമെന്റിലെ വിവിധ മന്ത്രാലയങ്ങൾ നയിക്കുന്ന വികസനപ്രവർത്തനങ്ങളും സമഗ്ര നഗരവികസന പരിഷ്ക്കാരങ്ങളെ തച്ചുടച്ചു.

ഇന്ത്യയിൽ നഗരവികസനവും സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതുകൊണ്ട് കേന്ദ്രഗവൺമെന്റിന് പരിഷ്ക്കരണ പാക്കേജിനായി പ്രലോഭനത്തിന്റേയും ഭീഷണിപ്പെടുത്തലിന്റേയും നയം മാത്രമേ നഗരസംസ്ഥാന സർക്കാരുകളോട് സ്വീകരിക്കാനാകൂ.

പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിനായാണ് അർബൻ റിഫോം ഇൻസെന്റീവ് ഫണ്ട്, സിറ്റി ചലഞ്ച് ഫണ്ട്, സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയുള്ള വികസന പദ്ധതികളും ആരംഭിച്ചത്. അതുപോലെ സർക്കാർ ഭൂമിയിടപാടിൽ 100 ശതമാനവും നേരിട്ടുള്ള വിദേശനിക്ഷേപം സാദ്ധ്യമാക്കാനായി നിയമഭേദഗതി 2005 മുതൽ പ്രാബല്യത്തോടെ കൊണ്ടുവന്നു.

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ, അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ ആൻഡ് മീഡിയം ടൗൺസ് എന്നീ രണ്ട് പദ്ധതികളുടെ തുടക്കം വിദേശനിക്ഷേപത്തെ കൂടുതൽ ഉത്തേജിപ്പിച്ചു.

നഗരവികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ (JNNURM) ലൂടെ മാത്രം ഏഴുവർഷത്തിനുള്ളിൽ 63 നഗരങ്ങൾക്ക് മാത്രമായി ഒരു ലക്ഷം കോടിയിലധികം രൂപയുടെ മൂലധനനിക്ഷേപം തേടി. രണ്ടാമത്തെ പദ്ധതിയായ UIDSSMT, JNNURM പോലെയാണെങ്കിലും ഒരു നഗരത്തിന് രണ്ട് പദ്ധതികളും ഒരുമിച്ച് ലഭ്യമല്ല.

JNNURM ആരംഭിച്ചത്, പരിഷ്ക്കാരവുമായ ബന്ധപ്പെട്ട പദ്ധതിയായാണ്. പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനും നഗരസഭക്കും നഗരങ്ങളിലെ പാവപ്പെട്ടവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ഫണ്ട് അനുവദിക്കും. എന്നാൽ ചില പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നടപ്പാക്കിയാൽ മാത്രമേ പണം അനുവദിക്കൂ.

1. നഗരഭൂമി ഉയർന്ന പരിധി നിശ്ചയിക്കുന്ന നിയമങ്ങളെ നവീകരിച്ച് റിയൽ എസ്റ്റേറ്റ് മാർക്കറ്റിനെ ഉദാരവത്ക്കരിക്കുക. വാടക പരിധി മാറ്റം വരുത്തുക, ഭവന നിർമ്മാണ

മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപം ഉറപ്പുവരുത്തുക സ്വത്ത് രേഖ സാക്ഷിപ്പെടുത്തലുകൾ കൃഷിഭൂമി, കാർഷികേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുക എന്നിവയെല്ലാം വ്യവസ്ഥയിലുൾപ്പെടും.

2. യൂസർഫീ ഏർപ്പെടുത്തൽ തുടങ്ങി എല്ലാ അടിസ്ഥാന സംവിധാനങ്ങളും സ്വകാര്യമേഖലയ്ക്ക് ലഭ്യമാക്കുക.
3. 74-ാം ഭരണഘടനാ ഭേദഗതി ഉപയോഗിച്ച് മുനിസിപ്പാലിറ്റികളും സാമ്പത്തിക ഭരണ സംവിധാനം പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, മുനിസിപ്പൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കുക, ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ മുഖേന മികവിനെ അടിസ്ഥാനമാക്കി തുക അനുവദിക്കുക. മൂലധന വിപണിയുമായി മുനിസിപ്പാലിറ്റികളെ കൂട്ടിച്ചേർക്കുക, നഗര സേവനങ്ങൾക്കായി ഇ-ഗവേണൻസ് ഏർപ്പെടുത്തുക.
4. നഗരവികസനത്തിനായി മധ്യവർഗ്ഗത്തെ ചലനക്ഷമമാക്കുക, സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുക.
5. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് യൂസർഫീ, പേ ആന്റ് യൂസ് സംവിധാനങ്ങൾ പാവപ്പെട്ടവർക്കുകൂടി ലഭ്യമാക്കുന്ന രീതിയിൽ പ്രവർത്തിപ്പിക്കുക.

ഈ പദ്ധതികളെല്ലാം തന്നെ രാജ്യത്തെ വികസിതമാക്കുന്നതിനുള്ള രാജപാതയാണ്. നല്ലതുമായിരിക്കാം. എന്നാൽ ഇത് ഉൽപ്പാദനക്ഷമമാണോ അതോ പൊതു സ്വത്തിന്റെ സ്വകാര്യവത്ക്കരണമാണോ എന്നതാണ് ചോദ്യം. പെട്ടെന്നുള്ള വിശകലനം മനസ്സിലാക്കിത്തരുന്നത് ഇത് സ്വകാര്യവത്ക്കരണം മാത്രമാണെന്നാണ്.

1976ലെ അർബൻ ലാന്റ് സീലിങ്ങ് ആന്റ് റെഗുലേഷൻസ് നിയമം (ULCRA) ഭൂമി കുറച്ചാളുകളുടെ മാത്രം കൈയ്യിലൊതുക്കി ലാഭമുണ്ടാക്കുന്നത് നിയന്ത്രിച്ചിരിക്കുന്നു. കൈവശ സ്വത്തിന് പരിധി നിശ്ചയിക്കുകയും പാവപ്പെട്ടവർക്ക് വീടു നിർമ്മിക്കാൻ അധികഭൂമി ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു.

2,20,000 ഹെക്ടറിലധികം ഭൂമി 40 കോടി പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാനുപയോഗിക്കാവുന്നതാണ്.

1999-ൽ എൻഡിഎ സർക്കാർ നിയമം നിലനിർത്തുകയും ആന്ധ്രാപ്രദേശ്, ആസാം, ബീഹാർ, മഹാരാഷ്ട്ര, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾ നിയമം ഉപയോഗപ്പെടുത്തുകയും ചെയ്തു. എന്നിരുന്നാലും JNNURM, ULCRA ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണ്. 2005 ഫെബ്രുവരിയിൽ 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കുന്നതിന് പച്ചക്കൊടി കാണിച്ചതൊടെ എല്ലാ സംസ്ഥാനങ്ങളിലും ഭൂമി റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളിൽ കേന്ദ്രീകരിക്കാൻ തുടങ്ങി. അതൊടെ 2003-2004 കാലത്തെ 4.5 ശതമാനമുണ്ടായിരുന്നത്. 2006-07 26.5 ശതമാനമായി ഉയർന്നു. കോർപ്പറേറ്റുകളുടെ ഇടയിൽ ഭൂമിയ്ക്കുള്ള ആവശ്യം വർദ്ധിച്ചപ്പോൾ നഗരങ്ങളിലെ ചേരികളൊഴിപ്പിക്കാൻ സമ്മർദ്ധമേറി.

സാമ്പത്തിക സുസ്ഥിരത കൈവന്നതോടെ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പ്ലാൻ ഫണ്ടിനെ ആശ്രയിക്കാതായി. അതുകൊണ്ടു തന്നെ രാഷ്ട്രീയ സമ്മർദ്ധങ്ങൾക്കധിഷ്ഠിതമായി പാവപ്പെട്ടവനോട് പരിഗണനയില്ലാതെയായി, മാത്രല്ല അസമത്വത്തിന്റെ പുതിയ പാഠങ്ങൾ കൂടി എഴുതി ചേർക്കപ്പെട്ടു. തദ്ദേശ സ്ഥാപനങ്ങൾ വേഗത്തിലും എളുപ്പത്തിലും വരുമാനം തിരിച്ചുപിടിക്കാവുന്ന പദ്ധതികളെ പിന്തുണച്ചു. ഓരോ പദ്ധതികളുടെയും 'ഉപയോഗക്ഷമത' നഗരത്തിലെ ദരിദ്രരേയും യൂസർ ചാർജ്ജ് ഉപയോഗിക്കാൻ നിർബന്ധിതരാക്കുക എന്നതാണ്.

ഇതിനകത്തെ സന്ദിഗ്ദ്ധമായ ചോദ്യമിതാണ്, ഇത്തരത്തിൽ കുടിയൊഴിക്കപ്പെട്ട്, തൊഴിൽ രഹിതരായി മാറിയ ദരിദ്രരായവർ എങ്ങനെ യൂസർഫീയും മറ്റും കൊടുക്കും.

അതുമാത്രമല്ല JNNURM ന് കൂലിയുള്ള തൊഴിൽ ലഭ്യമാക്കാനും സാധിക്കില്ല. 63 വികസന പദ്ധതികളാണ് JNNURM ന് ഉള്ളത്. അതിൽ ഒന്നിന്റെ ലക്ഷ്യം 2011 ഓടെ പൊതു പൈപ്പുകൾ നിർത്തലാക്കുക എന്നതാണ്.

കേന്ദ്ര ഗവൺമെന്റ് പണത്തിനായി വൻകിട സ്ഥാപനങ്ങളെ വിറ്റഴിക്കുമ്പോൾ, പാവപ്പെട്ടവരെ വീണ്ടും കുടിയൊഴിക്കപ്പെടുന്നു. 2007ലെ ദേശീയ പാർപ്പിട നയപ്രകാരം 99 ശതമാനം വീടില്ലാത്തതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. അതുകൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട 22.5 ശതമാനം പുതിയ ഭവന നിർമ്മാണം എന്നത് ആശങ്കയിലാണ്.

ഏറ്റവും വലിയ വിരോധാഭാസം തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നു എന്നുള്ളതാണ്. എന്നാൽ ഇതിന്റെ എല്ലാ തീരുമാനങ്ങളും എടുക്കുന്നതാകട്ടെ മാനേജ്മെന്റ് സാങ്കേതിക വിദഗ്ദ്ധരായ തൊരഞ്ഞെടുക്കപ്പെടാത്ത ആളുകളാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാകട്ടെ, തിരിച്ചടക്കാൻ ബാധ്യതപ്പെട്ടവരുടെ കൂട്ടത്തിലാണ്.

നഗര പരിഷ്ക്കരണ അജണ്ട പൂർണ്ണമായും കോർപ്പറേറ്റ് നഗരങ്ങളെ നിർമ്മിക്കുന്നതിനായി വർഷങ്ങളായുള്ള കഠിനാദ്ധ്വാനത്തിലൂടെ നേടിയതെല്ലാം ഒരു പറ്റം ആളുകൾക്ക് കുടിയൊഴിക്കലിന്റെ പേരിൽ നഷ്ടപ്പെടുന്നു. ചെറിയ ന്യൂനപക്ഷത്തിന്റെ ആവശ്യങ്ങൾക്കായി മുഴുവൻ വിഭാഗങ്ങളും കൊള്ളയടിക്കപ്പെടുത്തുന്നു. ഉൽപ്പാദനക്ഷമമായ ആളുകളെ പുറമ്പോക്കുകളിലേക്ക് അടിച്ചോടിക്കുന്നു. ഇന്ത്യക്ക് വേട്ടയാടുന്ന പുതിയ കാഴ്ച, വർണ്ണ വിവേചനത്തിന്റെ പുതിയ പാഠങ്ങളുടെ നഗരങ്ങൾക്ക്

(പരിഭാഷ : ശ്രീജ ശശിധരൻ)

*With best compliments from*

CENTRE FOR POST GRADUATE STUDIES

P.G.Centre

North Bus Stand, Thrissur-20.

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com